നമ്പർ.എം.പി(5)33573/2013. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 4.9.2013.

e-mail - keralarcs@coop.kerala.gov.in
Website – www.cooperation.kerala.gov.in

## സർക്കുലർ നമ്പർ.52/2013

വിഷയം – സഹകരണ വകുപ്പ്– മാർക്കറ്റിംഗ്–കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ കൂട്ടുവളങ്ങളും, ജൈവവളങ്ങളും നേർവളങ്ങളും വാങ്ങുന്നതിന് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നത്– സംബന്ധിച്ച്.

സൂചന – സർക്കാരിന്റെ 20.7.2013 ലെ നം.8932/എ3/13/സഹ.നമ്പർകത്ത്.

......

കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഉൽപാദിപ്പിക്കുന്ന/വിപണനം നടത്തുന്ന നേർവളങ്ങൾ രാസജൈവ കൂട്ടുവളങ്ങൾ പരമാവധി വാങ്ങി വിപണനം നടത്തുന്നതിന് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകുവാൻ സൂചന മുഖേന സർക്കാർ അറിയിച്ചിട്ടുണ്ട്.

ഫെഡറേഷൻ വിതരണം ചെയ്തു വരുന്ന കൂട്ടുവളങ്ങളും, നേർവളങ്ങളും സ്വന്തം ലാബോറട്ടറിയിൽ പരിശോധിച്ച് കർശനമായ ഗുണമേന്മ മാനദണ്ഡങ്ങൾ ഉറപ്പാക്കിയിട്ടുള്ളതും, കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും, റബ്ബർ ബോർഡും ഫെഡറേഷനിൽ നിന്നും വിതരണം ചെയ്തുവരുന്ന വളങ്ങൾ പരിശോധിച്ച് ഗുണമേന്മ അംഗീകരിച്ചിട്ടുള്ളതിനാൽ റബ്ബർ മാർക്കിന് കർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള വളം നൽകുവാൻ കഴിയുമെന്നാണ് ഫെഡറേഷൻ അറിയിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ ഫെഡറേഷൻ ഉൽപ്പാദിപ്പിക്കുന്ന/വിപണനം നടത്തുന്ന രാസജൈവകൂട്ടുവളങ്ങളും, നേർവളങ്ങളും പരമാവധി വാങ്ങി വിപണനം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു.

ഒപ്പ്
കെ. ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് –
1. എല്ലാ ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർമാർക്കും (സർക്കുലർ നിർദ്ദേശം ജില്ലയിലെ വളം വിൽപന നടത്തുന്ന സഹകരണ സംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്)
2. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
3. മാനേജിംഗ് ഡയറക്ടർ, റബ്ബർ മാർക്ക്, എറണാകുളം
4. എഡിറ്റർ, സഹകരണ വീഥി
5. എഡിറ്റർ, സഹകരണ ജേർണൽ
6. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്.
7. സ്റ്റോക്ക് ഫയൽ.